# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:13.01.2025**

### പ്രധാനവാർത്തകൾ

1). കുസാറ്റിൽ ആരംഭിക്കുന്ന രണ്ടു ദിവസത്തെ ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

2. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് സമാപനം. എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് പുസ്തകോത്സവത്തിന്റെ വിജയമെന്ന് സ്പീക്കർ എ എൻ ഷംസീർ.

3. മകരജ്യോതി ദർശനത്തിന് ഒരുങ്ങി സന്നിധാനം. ശബരിമലയിലും പരിസര പ്രദേശങ്ങളിലും ജാഗ്രത കർശനം.

4. തൈപൊങ്കൽ പ്രമാണിച്ച് തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ആറു ജില്ലകൾക്ക് നാളെ അവധി .

5. റഷ്യൻ കൂലി പട്ടാളത്തിൽ അകപ്പെട്ട മലയാളി യുവാവ്, യുക്രെയിൻ - റഷ്യ യുദ്ധത്തിൽ കൊല്ലപ്പെട്ടതായി ഇന്ത്യൻ എംബസി .

6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി- ഒഡീഷ എഫ്സിയെ നേരിടും

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്</u>

കുസാറ്റിൽ ആരംഭിക്കുന്ന ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. നാളെയും മറ്റന്നാളുമായി നടക്കുന്ന കോൺക്ലേവ് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നാഴികക്കല്ലായി മാറുമെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. കോൺക്ലേവിന് മുന്നോടിയായി സംഘടിപ്പിച്ച ശില്പശാല കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

<u>പുസ്തകോത്സവം (ഇൻട്രോ)</u>

*<u>പുസ്തകങ്ങളുടെ മഹത്വവും നിയമസഭയുടെ ആവശ്യകതയും പുതുതലമുറയിലേക്ക് പകർന്ന് നൽകാൻ കേരള നിയമസഭ പുസ്തകോത്സവത്തിലൂടെ സാധിച്ചതായി ചലച്ചിത്ര നടൻ പ്രകാശ് രാജ്. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ 3-ാം പതിപ്പിന്റെ സമാപന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് പുസ്തകോത്സവത്തിൻറെ വിജയമെന്ന് സ്പീക്കർ എ എൻ ഷംസീർ പറഞ്ഞു.</u>*

*<u>(ഹോൾഡ് - വോയിസ് - സ്പീക്കർ)</u>*

*ശ്രീലങ്കൻ സാഹിത്യകാരി വി.വി പദ്മസീലി, ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, പി പ്രസാദ്, വി.ശിവൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി തുടങ്ങിയവർ പങ്കെടുത്തു.*

$$$$$$$$$$$$$$$$$$$$$$$$$$$$$$$

പത്തനംതിട്ട-ലൈംഗിക പീഡനം

പത്തനംതിട്ടയിൽ വിദ്യാർഥിനി തുടർച്ചയായ ലൈംഗിക പീഡനത്തിന് ഇരയായ സംഭവത്തിൽ കൂടുതൽ കേസുകളെടുത്ത് പോലീസ്. പത്തനംതിട്ട, ഇലവുംതിട്ട, പന്തളം, മലയാലപ്പുഴ എന്നീ നാലു പോലീസ് സ്റ്റേഷനുകളിലായി ഇതുവരെ എടുത്ത 29 കേസുകളിലായി 41 പേർ അറസ്റ്റിലായി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

ബാലാവകാശ കമ്മിഷൻ

പത്തനംതിട്ടയിൽ 13 വയസുമുതൽ പീഡനം നേരിട്ട പെൺകുട്ടിയെ ബാലാവകാശ കമ്മിഷൻ സന്ദർശിച്ചു. കോന്നിയിലെ ഷെൽറ്റർ ഹോമിലെത്തിയാണ് കുട്ടിയെ കണ്ടത്. കുട്ടിക്ക് ആവശ്യമായ വൈദ്യ സഹായം ലഭിക്കുന്നുണ്ട്. ആശ്വാസനിധിയിൽ നിന്നും എത്രയും വേഗം ധനസഹായം അനുവദിക്കാൻ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് കമ്മിഷൻ നിർദ്ദേശം നൽകി.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$

മരണം-ബിനിലാൽ

റഷ്യൻ കൂലി പട്ടാളത്തിൽ അകപ്പെട്ട കുട്ടനെല്ലൂർ സ്വദേശി, യുക്രെൻ - റഷ്യ യുദ്ധത്തിൽ കൊല്ലപ്പെട്ടു. കുട്ടനെല്ലൂർ സ്വദേശി ബിനിലാണ് മരിച്ചത്. ഇന്ത്യൻ എംബസിയാണ് മരണ വിവരം കുടുംബത്തെ അറിയിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>പി.വി അൻവർ</u>**

പി.വി. അൻവർ നിലമ്പൂർ എം.എൽ.എ. സ്ഥാനം രാജിവച്ചു.

നിയമസഭാ സ്പീക്കർ എ.എൻ.ഷംസീറിന് അദ്ദേഹം രാജിക്കത്ത് കൈമാറി. കാലാവധി തീരാൻ ഒന്നര വർഷം ശേഷിക്കെയാണ് രാജി. തൃണമൂൽ കോൺഗ്രസിൽ പ്രവർത്തിക്കുമെന്നും യുഡിഎഫിനായി രംഗത്തിറങ്ങുമെന്നും പി വി അൻവർ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>പി.വി അൻവർ - പ്രതികരണം</u>**

PNU TVPM

പി വി അൻവർ തനിക്കെതിരെ ഉന്നയിച്ച ആരോപണത്തിന് പൊതുസഭയിൽ മാപ്പ് പറഞ്ഞത് സ്വീകരിക്കുന്നതായി പ്രതിപക്ഷനേതാവ് വി ഡി സതീശൻ. മുഖ്യമന്ത്രിക്കും ഓഫീസിനുമെതിരായ അൻവറിന്റെ ആരോപണങ്ങൾക്ക് പിന്നിൽ സി പി ഐ-എം ഉന്നത നേതൃത്വമാണെന്ന് പ്രതിപക്ഷം നേരത്തെ പറഞ്ഞിരുന്നതാണെന്നും സതീശൻ പറഞ്ഞു. അതേസമയം അൻവറിന്റെ പാർട്ടി മാറ്റം ഒരു രാഷ്ട്രീയ ചലനവും കേരളത്തിൽ ഉണ്ടാക്കില്ലെന്ന് സി.പി.ഐ-എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രതികരിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ഹജ്ജ് കരാർ**

2025 ലെ ഹജ്ജ് കരാറിൽ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജുവും സൗദി അറേബ്യയുടെ ഹജ്ജ്, ഉംറ മന്ത്രി തൗഫീഖ് ബിൻ ഫൗസാൻ അൽ-റബിയയും ഒപ്പുവച്ചു. ഹജ്ജ് സീസണിലേക്ക് ഇന്ത്യയിൽ നിന്നുള്ള ഒരു ലക്ഷത്തി 75,025 തീർഥാടകരുടെ ക്വാട്ട ഉറപ്പാക്കുന്നതാണ് കരാർ.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**മകരവിളക്ക് (ഇൻട്രോ)**

***മകരവിളക്കിനായി പൂർണസജ്ജമായി ശബരിമല. സന്നിധാനവും പരിസരപ്രദേശങ്ങളും ഭക്തരാൽ നിറഞ്ഞു. നാളെ രാവിലെ 8.55ന് മകരസംക്രമ അഭിഷേകം നടക്കും. പന്തളത്തു നിന്നും ഇന്നലെ പുറപ്പെട്ട തിരുവാഭരണ ഘോഷയാത്ര നാളെ വൈകിട്ടോടെ സന്നിധാനത്തെത്തും.***

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.....***

***(വോയിസ്)***

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**മകരജ്യോതി ദർശനം**

മകരജ്യോതി ദർശനത്തിനായി ജില്ല പൂർണ്ണസജ്ജമായതായി ഇടുക്കി ജില്ലാ കളക്ടർ. പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവടങ്ങളിൽ ജില്ലകളക്ടറുൾപ്പെട്ട സംഘം സന്ദർശനം നടത്തി. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഭക്തർക്കായി വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അവസാനവട്ട ഒരുക്കങ്ങൾ വിലയിരുത്തിയശേഷം കളക്ടർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ഹരിവരാസനം പുരസ്കാരം**

ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം കവിയും ഗാനരചയിതാവും സംഗീത സംവിധായകനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക് നാളെ സമ്മാനിക്കും. ശബരിമല സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി എൻ വാസവൻ പുരസ്കാരം സമ്മാനിക്കും .

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**നാളെ അവധി**

തൈപൊങ്കൽ പ്രമാണിച്ച് തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ആറു ജില്ലകൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾക്കാണ് അവധി നൽകിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**പൊങ്കൽ ആഘോഷം (ഇൻട്രോ)**

***പാലക്കാട് ജില്ലയിലെ അതിർത്തി ഗ്രാമങ്ങൾ പൊങ്കൽ ആഘോഷത്തെ വരവേറ്റുള്ള ഒരുക്കങ്ങളിലാണ്.ഇന്ന് വീടുകളിൽ കാപ്പുകെട്ട് നടന്നു.***

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.........***

***(വോയിസ്)***

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**പീച്ചി ഡാം റിസവോയർ**

RNUTVPM

തൃശ്ശൂർ പീച്ചി ഡാം റിസവോയറിൽ വീണ് പരിക്കേറ്റ് ചികിത്സയിലായിരുന്ന നാല് വിദ്യാർത്ഥികളിൽ രണ്ടാമത്തെ ആളും മരിച്ചു. പട്ടിക്കാട് സ്വദേശി ആൻ ഗ്രേസ് ആണ് മരിച്ചത്. പട്ടിക്കാട് സ്വദേശി 16 വയസ്സുള്ള അലീന ഇന്ന് പുലർച്ചെ മരിച്ചിരുന്നു. മറ്റ് രണ്ട് പേരുടേയും നില ഗുരുതരമായി തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ് സി, ഒഡീഷ എഫ്സിയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**മെട്രോ സർവീസ്**

ഇന്ന് നടക്കുന്ന ഐ എസ് എൽ ഫുട്ബോൾ മത്സരത്തിന്റെ ഭാഗമായി കാണികളുടെ യാത്ര സുഗമമാക്കാൻ കൊച്ചി മെട്രോ സർവീസ് സമയം നീട്ടി. ഇന്ന് രാത്രി 9 .30 നു മുതൽ 11 മണി വരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നു പത്തു സർവീസുകൾ ആലുവയിലേക്കും തൃപ്പുണിത്തുറയിലേക്കും ഉണ്ടാകും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**നെയ്യാറ്റിൻകര**

തിരുവനന്തപുരം നെയ്യാറ്റിൻകര ഗോപൻ സ്വാമിയുടെ 'ദുരൂഹ സമാധി' തത്കാലം തുറന്ന് പരിശോധിക്കില്ല. കുടുംബാംഗങ്ങളുടെ പ്രതിഷേധത്തിന് പിന്നാലെ നാട്ടുകാരും പ്രതിഷേധവുമായി

RNU TVPM

രംഗത്തെത്തിയതോടെയാണ് കല്ലറ പൊളിച്ച് പരിശോധിക്കാനുള്ള നീക്കം തത്കാലത്തേക്ക് നിർത്തിവെച്ചത്. കുടുംബവുമായി ചർച്ച നടത്തിയെന്നും കല്ലറ പൊളിക്കാൻ കുറച്ചു കൂടി സമയം വേണ്ടി വരുമെന്നും സബ് കളക്ടർ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**പറവൂരിൽ സ്റ്റോപ്പ്**

കേന്ദ്ര മന്ത്രി ജോർജ് കുര്യന്റെ നിവേദനം പരിഗണിച്ചു് പുനലൂർ-കന്യാകുമാരി പാസ്സഞ്ചർ ട്രെയിനിന് പറവൂരിൽ സ്റ്റോപ്പ് അനുവദിച്ചതായി റെയിൽവേ മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ശ്രീ ജോർജ് കുര്യൻ കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവിനെ കണ്ട് നിവേദനം സമർപ്പിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**മഴ**

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് മുതൽ വ്യാഴാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,048 പോയിന്റ് നഷ്ടത്തിൽ 76,330 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 345 പോയിന്റ് കുറഞ്ഞു 23,085 ലും വ്യാപാരം അവസാനിച്ചു .

$$$$$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

<u>ഖോഖൊ</u>

പ്രഥമ ഖോഖൊ ലോകകപ്പിന് ഇന്ന് ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമാകും. പുരുഷ-വനിതാ വിഭാഗങ്ങളിലായി 24 രാജ്യങ്ങൾ പങ്കെടുക്കും. ഇന്ന് രാത്രി 8.30-ന് ആതിഥേയരായ ഇന്ത്യയും നേപ്പാളും ഏറ്റുമുട്ടും. ഇന്ത്യൻ പുരുഷ ടീമിൽ തിരുവനന്തപുരം സ്വദേശി ബി. നിഖിലും ടീമിലുണ്ട്. മഹാരാഷ്ട്രയിൽ നിന്നുള്ള പ്രിയങ്ക ഇംഗിളാണ് വനിതാ ടീമിൻറെ ക്യാപ്റ്റൻ.

$$$$$$$$$$$$$$$$$$$$$
$$$$$$$$$
$$$$$$$
$$

RNU TVPM